ജനയുഗം
JANAYUGOM
25 May 2017

# അമിതവണ്ണം കുറയ്ക്കുന്നതിന് കടൽപായലിൽ നിന്ന് ഔഷധം: കരാർ ഒപ്പിട്ടു

കൊച്ചി: അമിതവണ്ണവും കൊളസ്ട്രോളും കുറയ്ക്കുന്നതിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഈയിടെ വികസിപ്പിച്ച ന്യൂട്രാസ്യൂട്ടിക്കൽ ഉൽപ്പന്നം വാണിജ്യാടിസ്ഥാനത്തിൽ വിപണിയിലിറക്കുന്നതിന് ആരോഗ്യരക്ഷാ ഉൽപ്പന്ന നിർമ്മാതാക്കളായ വിഎൽസിസി ഗ്രൂപ്പുമായി കരാർ ഒപ്പിട്ടു. സിഎംഎഫ്ആർഐയുടെ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉൽപ്പന്നം നിർമ്മിക്കാനുള്ള ലൈസൻസാണ് ഗ്രൂപ്പിന് കൈമാറിയത്. സാങ്കേതിക വിദ്യ കൈമാറുന്നതിനുള്ള കരാർ പത്രത്തിൽ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ വിഎൽസിസി ഗ്രൂപ്പ് ഡയറക്ടർ സന്ദീപ് അഹൂജ, വൈസ് പ്രസിഡണ്ട് ഡോ എ എച്ച് സൈദി എന്നിവർ ഒപ്പുവെച്ചു.

കടൽപ്പായലിൽ നിന്ന് ബയോആക്ടീവ് സംയുക്തങ്ങൾ വേർതിരിച്ചാണ് സിഎംഎഫ്ആർഐ അമിതവണ്ണവും കൊളസ്ട്രോളും കുറയ്ക്കുന്നതിനുള്ള കടൽമീൻ ആന്റിഹൈപ്പർകൊളെസ്ട്രോളമിക് എക്സ്ട്രാക്റ്റ് എന്ന ഉൽപ്പന്നം വികസിപ്പിച്ചത്. അമിതവണ്ണത്തോടൊപ്പം ശരീരഭാഗങ്ങളിൽ അടിഞ്ഞുകൂടുന്ന കൊഴുപ്പ്, ട്രൈഗ്ലിസറൈഡ്, കൊളസ്ട്രോൾ എന്നിവ തടയുന്നതിന് ഈ ഉൽപ്പന്നം പ്രയോജനകരമാണ്. പൂർണമായും പ്രകൃതിദത്ത ചേരുവകൾ ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. 400 മില്ലിഗ്രാം അളവിലുള്ള ക്യാപ്സൂളുകളായാണ് ലഭ്യമാകുക. ഉൽപ്പന്നത്തിന് യാതൊരുവിധ പാർശ്വഫലങ്ങളുമില്ലെന്നത് വിശദമായ പ്രീ-ക്ലിനിക്കൽ പരീക്ഷണങ്ങളിലൂടെ തെളിഞ്ഞതാണെന്ന് ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു.

സസ്യാഹാരപ്രേമികൾക്കും ഉപയോഗിക്കാവുന്ന രീതിയിൽ സസ്യജന്യ ക്യാപ്സൂളുകളാണ് മരുന്നിന്റെ ആവരണമായി ഉപയോഗിച്ചിട്ടുള്ളത്. സിഎംഎഫ്ആർഐയിലെ മറൈൻ ബയോടെക്നോളജി വിഭാഗത്തിലെ ഡോ കാജൽ ചക്രവർത്തിയാണ് ഉൽപ്പന്നം വികസിപ്പിച്ചത്. പൂർണമായും പ്രകൃതിദത്തമായ രീതിയിൽ ആദ്യമായാണ് കടൽപ്പായലിൽ നിന്നും അമിതവണ്ണം കുറയ്ക്കുന്നതിന് ന്യൂട്രാസ്യൂട്ടിക്കൽ ഉൽപ്പന്നം നിർമിക്കുന്നത്.



സിഎംഎഫ്ആർഐ വികസിപ്പിച്ച ന്യൂട്രാസ്യൂട്ടിക്കൽ ഉൽപ്പന്നം വാണിജ്യാടിസ്ഥാനത്തിൽ വിപണിയിലിറക്കുന്നതിനുള്ള കരാർപത്രം ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ വിഎൽസിസി ഗ്രൂപ്പ് ഡയറക്ടർ സന്ദീപ് അഹൂജക്ക് കൈമാറുന്നു